## കാറ്റഗറി നമ്പർ : 291/2020

താഴെപ്പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം. വൺ ടൈം രജിസ്ട്രേഷൻ മുഖേന അപ് ലോഡ് ചെയ്യുന്ന ഫോട്ടോ 31.12.2010 ന് ശേഷം എടുത്തതും ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും രേഖപ്പെടുത്തിയതുമായിരിക്കണം. വൺ ടൈം രജിസ്ട്രേഷൻ മുഖേന അപ് ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

1 **വകുപ്പ്** : വനിതാ ശിശു വികസന വകുപ്പ്

2 **ഉദ്യോഗപ്പേര്** : ചൈൽഡ് ഡവലപ് മെന്റ് പ്രൊജക്ട് ഓഫീസർ
(സ്ത്രീകളിൽ നിന്നും മാത്രം)
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികവർഗ്ഗം മാത്രം)

3 **ശമ്പളം** : ₹ 35,700 – 75,600/-

4 **ഒഴിവുകളുടെ എണ്ണം** : 01

**കുറിപ്പ്:–** ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ടി റാങ്ക് ലിസ്റ്റിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അവർക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായിരിക്കും.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികവർഗ്ഗക്കാരിൽ നിന്നുമുള്ള സ്ത്രീകളിൽ നിന്ന് മാത്രം)

**കുറിപ്പ്:–** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായപരിധി** : 25 – 46 ഉദ്യോഗാർത്ഥികൾ 02.01.1974 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**<u>കുറിപ്പ്:-</u>** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:**

a. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സോഷ്യോളജി, സോഷ്യൽ വർക്ക്, ഹോം സയൻസ് അല്ലെങ്കിൽ സൈക്കോളജിയിൽ ലഭിച്ചിട്ടുള്ള ബിരുദാനന്തര ബിരുദം.

**<u>മുൻഗണനാ യോഗ്യത:</u>**

b. ഭാരത സർക്കാരോ, കേരള സർക്കാരോ അംഗീകരിച്ച സോഷ്യൽ വർക്കിൽ പോസ്റ്റ് ഗ്രാജേവ്റ്റ് ഡിപ്ലോമ.

**പ്രൊബേഷൻ** : ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ഏതൊരാളും ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാല സേവനത്തിനിടയിൽ ആകെ രണ്ട് വർഷം പ്രൊബേഷനിൽ ആയിരിക്കും.

**പരിശീലനം** : 1) നേരിട്ടുള്ള നിയമനരീതി വഴി ടി തസ്തികയിലേക്ക് നിയമനം ലഭിച്ചവർ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന പ്രോഗ്രാമിനനുസൃതമായി മൂന്നുമാസത്തെ പരിശീലനം നേടിയിരിക്കണം.

2) പരിശീലന കാലയളവ് എല്ലാ സേവനാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതാണ്.

**<u>കുറിപ്പ് I</u>**

ചൈൽഡ് ഡവലപ് മെന്റ് പ്രൊജക്ട് ഓഫീസർ എന്ന തസ്തിക വനിതകൾക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

**കുറിപ്പ് II**

1. യോഗ്യത സംബന്ധിച്ച് KS&SSR part II ലെ Rule 10(a)(ii) ബാധകമാണ്.

2. വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷസമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതകളുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

3. ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഇതുസംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്

**8 അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Password ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുമ്പ് തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അതിനു ശേഷം അപേക്ഷയിലെ വിശദാംശങ്ങൾ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിയ്ക്കു ശേഷം profile ൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും അവർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് മുഖേന വരുത്തുന്ന തിരുത്തലുകലും അപേക്ഷയിൽ വരുന്നതല്ല. തിരുത്തലുകൾക്ക് ആയത് വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർകാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**9 അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 30.12.2020** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

**10 അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25 ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976–ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 –ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958–ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

13. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലും നൽകുന്നതാണ്.

14. വിദ്യാഭ്യാസ യോഗ്യത, പരിചയം എന്നിവ തെറ്റായി അവകാശം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുകയും സ്ഥിരീകരണം നൽകിയ ശേഷം പരീക്ഷയ്ക്ക് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, റൂൾസ് ഓഫ് പ്രൊസീജ്യർ 1976 ലെ ചട്ടം 22 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നതായിരിക്കും.

<u>(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)</u>

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ